പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1506 | 06.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡ്

ചോദ്യം | ഉത്തരം

ശ്രീ. കെ.എം.ഷാജി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ബസ് യാത്രക്കാർക്കായി കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡ് വിതരണം നടത്തി വരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ നിരക്കിലാണ് നൽകുന്നത്; പ്രസ്തുത കാർഡ് പ്രിന്റ് ചെയ്ത് തയ്യാറാക്കുന്നത് ആരാണ്; ഇത് പ്രിന്റ് ചെയ്യുന്നതിന് ചുമതല ഏൽപ്പിച്ചിട്ടുള്ളത് എത്ര കാലത്തേയ്ക്കാണ്; | (എ) | 01.03.2018 മുതൽ ബസ് ചാർജ് വർദ്ധന നിലവിൽ വന്ന സാഹചര്യത്തിൽ ട്രാവൽ കാർഡ് വിതരണം 28.02.2018 മുതൽ നിർത്തി വച്ചിരിക്കുകയാണ്. 1000 രൂപ വിലയുള്ള (ബ്രോൺസ്), 1500 രൂപ വിലയുള്ള (സിൽവർ), 3000 രൂപ വിലയുള്ള (ഗോൾഡ്), 5000 രൂപ വിലയുള്ള (പ്രീമിയം) എന്നീ നാലുതരം ട്രാവൽ കാർഡുകളാണ് നിലവിൽ ഉണ്ടായിരുന്നത്. M/s. Uralungal Labour Contract Co-operative Society Ltd., Kozhikkode എന്ന സ്ഥാപനത്തെയാണ് ട്രാവൽ കാർഡ് പ്രിന്റ് ചെയ്യുന്നതിന് ഏൽപ്പിച്ചിട്ടുള്ളത്. |
| (ബി) | ഈ കാർഡ് പ്രിന്റ് ചെയ്ത് നൽകുന്നതിന് ഇവരെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു ;അതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | കേരള സർക്കാരിന്റെ Information Technology (B) Department ന്റെ ഉത്തരവ് നം. GO (MS) No. 1/2016/ITD തീയതി 18.01.2015 പ്രകാരം M/s Uralungal Labour Contract Co-operative Society Ltd. എന്ന സ്ഥാപനത്തെ വിവിധ ഗവൺമെന്റ് വകുപ്പുകളിലെയുംപൊതു മേഖലാ സ്ഥാപനങ്ങളിലെയും IT/ITES ജോലികൾ ചെയ്യുന്ന തിനുള്ള Total Solution Provider (TSP) ആയി നിയമിച്ചിട്ടുണ്ട്. ട്രാവൽ കാർഡ് വിതരണം ചെയ്യുന്നതിൽ Web based QR code സ്കാനിംഗ് ഉൾപ്പെടെയുള്ള ജോലികൾ ഉള്ളതിനാലാണ് ഈ കാർഡുകൾ പ്രിന്റ് ചെയ്യുന്നതിന് ടി സ്ഥാപനത്തിന് ഉത്തരവ് നൽകിയത്. |
| (സി) | പ്രസ്തുത കാർഡ് ധാരാളമായി വ്യാജരൂപത്തിൽ ലഭ്യമാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ